## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1595** 04.10.2016 ൽ മറുപടിക്ക്.

## അഴിമതിരഹിത ചെക്ക്പോസ്റ്റുകൾ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | വേലന്താവളം ചെക്ക് പോസ്റ്റിലെ വിജിലൻസ് പരിശോധനയിൽ കണക്കിൽപ്പെടാത്ത മൂന്ന് ലക്ഷത്തിൽപരം രൂപ കണ്ടെത്തുകയുണ്ടായോ ; | എ) | കണ്ടെത്തിയിട്ടുണ്ട് |
| ബി) | എങ്കിൽ ഇതു സംബന്ധിച്ച് കൈക്കൊണ്ട തുടർ നടപടികൾ എന്തൊക്കെ; | ബി) | വേലന്താവളം ചെക്ക്പോസ്റ്റില്ലെ വിജിലൻസ് പരിശോധനയിൽ കണക്കിൽപ്പെടാത്ത 3,00,600/- രൂപ കണ്ടെത്തിയതിനെത്തുടർന്ന് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരായ ശ്രീ.എൻ.നസീം, വാണിജ്യ നികുതി ഇൻസ്പെക്ടർ, ശ്രീ.ഇ.പ്രഭാകരൻ, വാണിജ്യ നികുതി ഇൻസ്പെക്ടർ, ശ്രീ.മൊയ്തീൻ.റ്റി.എം, ക്ലറിക്കൽ അറ്റൻഡർ, ശ്രീ.മോഹനൻ.വി, ഓഫീസ് അറ്റൻഡന്റ്, ശ്രീ.അജീഷ് കുമാർ പി.എസ്, ഓഫീസ് അറ്റൻഡന്റ് എന്നിവരെ അന്വേഷണ വിധേയമായി 09.09.2016 ൽ സസ്പെൻഡ് ചെയ്തു. |

| | | | |
|---|---|---|---|
| സി) | മൂന്നു ലക്ഷത്തിൽപരം രൂപ കൈക്കൂലിയായി ലഭിച്ചപ്പോൾ നികുതിയായി ലഭിച്ചത് ഇരുപതിനായിരം രൂപയിൽ താഴെയാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്. |
| ഡി) | ചെക്കുപോസ്റ്റുകൾ അഴിമതിരഹിത/കൈക്കൂലിമുക്ത ചെക്കുപോസ്റ്റുകളാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | ഡി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ചെക്ക് പോസ്റ്റുകളിൽ മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട 7 ചെക്ക്പോസ്റ്റുകൾ ആധുനിക സംവിധാനങ്ങളോടു കൂടിയ സംയോജിത ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥലം ലഭ്യമായ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നിവിടങ്ങളിൽ ആദ്യ ഘട്ടത്തിൽ ഇത്തരം ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br>നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക്പോസ്റ്റുകൾ ഒരു സ്ഥലത്ത് ഏകീകരിക്കുന്നതാണ്. സംയോജിത |

| | | | |
|---|---|---|---|
| | | | വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും, അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാക്കുമെന്നതിനാൽ വാഹനം സെന്ററിനുള്ളിലേയ്ക്ക് കടന്നു വരുമ്പോൾ ഓരോ വകുപ്പുകളും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തി വിടാൻ സാധിക്കുന്നു.<br>സെന്ററിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി സംവിധാനം, ബൂം ബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയം തന്നെ മറ്റു ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നത് ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിന് സഹായകമാകുന്നു. |

**സെക്ഷൻ ഓഫീസർ**